**(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട്**

1 (4056) ശ്രീ. സി. എഫ്. തോമസ് :
പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള സമയപരിധി അവസാനിച്ചോ ;

(ബി) പ്രസ്തുത കമ്മീഷന്റെ കാലാവധി ദീർഘിപ്പിക്കുവാൻ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹ്രസ്വകാല കാർഷിക വായ്പാ മേഖലയുടെ പുനരുദ്ധാരണത്തിനായുള്ള വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പാക്കേജ് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരും, നബാർഡുമായി ധാരണാപത്രം ഒപ്പിടുന്നതിന് അവസാന തീയതി 5-7-2008 ആയി നിഷ്കർഷിച്ചിരുന്നു.

(ബി) പാക്കേജ് നടപ്പിലാക്കുന്നത് സംബന്ധിച്ച് സഹകരണ വകുപ്പു മന്ത്രി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 11-12-2009-ന് ഡൽഹിയിൽ വച്ച് കേന്ദ്ര-സംസ്ഥാന ഉദ്യോഗസ്ഥതല ചർച്ചയും നടക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ പാക്കേജ് നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തു. കേരളത്തിലെ സഹകരണ മേഖലയിലെ വർദ്ധിച്ച നിക്ഷേപ അടിത്തറ, മറ്റ് ബാങ്കിംഗ് ഇടപാടുകളിലെ സഹകരണ മേഖലയുടെ പങ്ക്, സർക്കാരിന്റെ വിവിധ പദ്ധതികൾ സാമൂഹ്യ പ്രതിബദ്ധതയോടെ ഏറ്റെടുത്ത് നടപ്പാക്കുന്ന സാഹചര്യം ഇവ കണക്കിലെടുക്കുമ്പോൾ പാക്കേജ് നടപ്പാക്കുന്നത് സംബന്ധിച്ചുള്ള കേരളത്തിന്റെ പ്രശ്നങ്ങൾ പരിശോധിക്കേണ്ടിയിരിക്കുന്നു എന്ന നിഗമനത്തിൽ യോഗം എത്തിച്ചേരുകയും പാക്കേജ് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ. കേന്ദ്ര സർക്കാരും നബാർഡുമായി ധാരണാപത്രം ഒപ്പിടുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് നബാർഡിനെ യോഗം ചുമതലപ്പെടുത്തുകയുമുണ്ടായി. ഇക്കാര്യത്തിൽ കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം വാങ്ങേണ്ടതുണ്ടെങ്കിൽ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്ത് ഒരു പ്രൊപ്പോസൽ എത്രയുംവേഗം കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനും നബാർഡിനെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതിന്റെ വെളിച്ചത്തിൽ ധാരണാ പത്രം ഒപ്പിടുന്നതിന് സംസ്ഥാന സർക്കാർ സന്നദ്ധമാണെങ്കിൽ ഒരു പ്രത്യേക കേസ് എന്ന നിലയിൽ കേരളത്തിൽ പാക്കേജ് നടപ്പിലാക്കുന്നതിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം നേടാമെന്നും യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ഇത് സംബന്ധിച്ചുള്ള തുടർ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

നബാർഡാണ് സ്വീകരിക്കേണ്ടത്. ആയതിനായി സംസ്ഥാന സർക്കാരും നബാർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നബാർഡ് ചുമതല നിർവ്വഹിക്കാതെ ഒഴിഞ്ഞു മാറുകയാണ്. കേരളത്തിലെ സഹകരണ മേഖലയോട് നബാർഡ് കാണിക്കുന്ന ശത്രുതാപരമായ നിലപാടിനെപ്പറ്റി അന്വേഷണം നടത്താൻ സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കർഷകർക്ക് 4 ശതമാനം പലിശ നിരക്കിൽ വായ്പ പദ്ധതി**

**2 (4057)** ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകൾ വഴി സർക്കാർ സബ്സിഡിയോടെ കർഷകർക്ക് 4 ശതമാനം പലിശ നിരക്കിൽ വായ്പ നൽകുന്നതിനായി ഏതെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും യോഗ്യതയും എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്കീമിൽപ്പെടുത്തി എത്ര രൂപവരെ ഓരോ കർഷകനും വായ്പയായി ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) വായ്പ ലഭിക്കുന്നതിലേക്ക് കർഷകൻ എന്തെല്ലാം ഈടുകൾ നൽകണമെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഏതെല്ലാം തരത്തിലുള്ള കൃഷി ആവശ്യങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാക്കുന്നത് ;

(ജി) കാർഷികോപകരണങ്ങൾ വാങ്ങുന്നതിന് പ്രസ്തുത വായ്പ ലഭ്യമാക്കുമോ ;

(എച്ച്) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണ ബാങ്കുകൾ വഴി 4 ശതമാനം പലിശ നിരക്കിൽ സബ്സിഡിയോടെ കാർഷിക വായ്പ നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലില്ല. നെല്ല്, പച്ചക്കറി, വാഴ, കപ്പ എന്നീ വിളകൾക്ക് നൽകുന്ന വായ്പകൾ പരമാവധി 4 ശതമാനം പലിശ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി 2008-09 വർഷം വരെ നിലവിലുണ്ടായിരുന്നു. നബാർഡ് പുനർവായ്പയായി സംസ്ഥാന സഹകരണ ബാങ്കിന് നൽകുന്ന വായ്പയ്ക്ക് 4 ശതമാനം പലിശയായി വർദ്ധിപ്പിച്ചതിനാലും, ഇപ്പോൾ പുനർ വായ്പ നൽകാത്ത സ്ഥിതിക്കും നിലവിൽ 7 ശതമാനം പലിശ നിരക്കിലാണ് നെൽകൃഷിക്കൊഴികെയുള്ള വിളകൾക്ക് ഹ്രസ്വകാല കാർഷിക വായ്പകൾ നൽകുന്നത്. നെൽകൃഷിക്ക് പരമാവധി പരിധിയില്ലാത്ത തുക പലിശരഹിത വായ്പയായി നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly